بسم الله الرحمن الرحيم

# ജമാഅത്തു സ്സഹീഹിൽ ഇസ്ലാം : ലക്ഷ്യങ്ങൾ

## JAMAAT UL SAHIH AL ISLAM: OBJECTIVES

فَإِنْ ءَامَنُوا۟ بِمِثْلِ مَآ ءَامَنتُم بِهِۦ فَقَدِ ٱهْتَدَوا۟

*" നിങ്ങൾ വിശ്വസിച്ചതുപോലുള്ളതിൽ (ഈ അദ്ധ്യാപനത്തിൽ) അവർ വിശ്വസിക്കുന്നു എങ്കിൽ, അവർ നേർമാർഗ്ഗം പ്രാപിച്ചവരായി." (2:138)*

1. മുസ്ലീം ജീവിതവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളേയും പരിശുദ്ധമാക്കുക.

ശിർക്കിന്റെ– (അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ) എല്ലാരൂപഭാവങ്ങളിൽനിന്നും വിശ്വാസത്തേ മുക്തമാക്കുക ഹിതകരമല്ലാത്ത കൂട്ടിച്ചേർക്കലുകൾ (ബിദ് അത്ത്) ക്കെതിരിൽ ജനങ്ങളെ ജാഗ്രതപ്പെടുത്തുക, മതചര്യകളിലും പ്രാർത്ഥനാ മുറകളിലും കടന്നു കയറിയിട്ടുള്ള തെറ്റായ പ്രവണതകളെ ഇല്ലായ്മ ചെയ്യുക, ഇസ്ലാമിന്റെ പരിശുദ്ധ പ്രകൃതിയെ വികലപ്പെടുത്തുന്നതും മുസ്ലീംങ്ങളുടെ പുരോഗതിയെ തടയുന്നതും ആയിട്ടുള്ള ആശയ വൈകല്യങ്ങൾ ഉന്മൂലനം ചെയ്യുക, പ്രവാചക വചനങ്ങളുടെ പ്രകാശത്തിൽ പരുധി ലംഘിക്കുന്നവരെ തിരിച്ചറിയാനും വ്യാജ വാദികളുടെ കള്ള വ്യാഖ്യാനത്തിൽ നിന്ന് മതാദ്ധ്യാപനങ്ങൾക്ക് മോചനം നൽകാനും ജനങ്ങളെ പ്രാപ്തരാക്കുക തുടങ്ങിയവ ഉൾപ്പെടുന്നു.

2. മുസ്ലീങ്ങളുടെ മത വിദ്യാഭ്യാസവും സംസ്കരണവും

മുസ്ലീങ്ങളെ യഥാർത്ഥ മതവിജ്ഞാനം പഠിപ്പിക്കുക, ഇസ്ലാം മതകൽപനകൾ അനുസരിച്ച് പ്രവർത്തിക്കാൻ പ്രേരിപ്പിക്കുക, അവരിൽ ധർമ്മ നിഷ്ഠയും സുശീലങ്ങളും വളർത്തുക, അതിലൂടെ ഖുർ–ആനിൽ നാശത്തിൽ നിന്ന് രക്ഷ നേടിയ വിഭാഗത്തിന്റെ വിവരണത്തിൽ പറയുന്നതുപോലെ അവരിൽ അല്ലാഹുവിന്റെ സംതൃപ്തിയും അനുഗ്രഹവും ഇറങ്ങി അവർ ഔന്നത്യം പ്രാപിക്കുന്ന അവസ്ഥ സംജാതമാക്കുക.

مَا كَانَ لِبَشَرٍ أَن يُؤْتِيَهُ ٱللَّهُ ٱلْكِتَـٰبَ وَٱلْحُكْمَ وَٱلنُّبُوَّةَ ثُمَّ
يَقُولَ لِلنَّاسِ كُونُوا۟ عِبَادًا لِّى مِن دُونِ ٱللَّهِ وَلَـٰكِن كُونُوا۟ رَبَّـٰنِيِّـۧنَ بِمَا
كُنتُمْ تُعَلِّمُونَ ٱلْكِتَـٰبَ وَبِمَا كُنتُمْ تَدْرُسُونَ ﴿٧٩﴾

*"അല്ലാഹു ഒരുമനുഷ്യന് ഗ്രന്ഥവും വിധികർതൃത്വവും പ്രവാചകത്വവും നൽകിയിട്ട്– അയാൾ ജനങ്ങളോട് നിങ്ങൾ അല്ലാഹുവിനെ ഉപേക്ഷിച്ച് എന്റെ അടിമകളായി തീരുവിൻ എന്നുപറയുക എന്നത് അയാൾക്ക് ചേർന്നതല്ല. പ്രത്യുത നിങ്ങൾ വേദഗ്രന്ഥത്തെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരായതുകൊ് നിങ്ങൾ ദൈവഭക്തരായിരിക്കുവിൻ(എന്നാണ് അയാൾ പറയുക)."* (3:80)

3. യഥാർത്ഥ ഇസ്ലാമിക ചിന്താസരണിയെ പുനഃരുജ്ജീവിപ്പിക്കുക.

വിശുദ്ധ ഖുർ– ആന്റയും തിരു സുന്നത്തിന്റെയും സമുദായത്തിലെ സലഫു സാലിഹീങ്ങളുടെ പാതയുടേയും പ്രകാശത്തിന്റെ വെളിച്ചത്തിൽ ഇസ്ലാമിക ചിന്തയെ പ്രോജ്വലമാക്കുക, " മദ്ഹബുകളെ " അന്ധമായി പിൻതുടരുന്നതുമൂലം വന്നിട്ടുള്ള ശിഥിലത നീക്കം ചെയ്യുക, അനാവശ്യമായ കക്ഷിഭേദങ്ങൾ സാഹോദര്യ ബന്ധത്തേയും മാനസിക ഐക്യത്തേയും തകർക്കുന്ന അവസ്ഥയ്ക്ക് വിരാമമിടുക തുടങ്ങിയവ.

പ്രതാപവാനും മഹത്വമുടയവനുമായ അല്ലാഹു പറയുന്നു.

وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُوا۟

*"നിങ്ങൾ എല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിക്കുക"* (3:104)

*"അല്ലാഹുവിനെ ആരാധിക്കുന്നവർ സഹോദരങ്ങളായി വർത്തിക്കുക"* യെന്നു നബി വചനം

4. സമകാലീന പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ ഇസ്ലാമിക പരിഹാരം നിർദ്ദേശിക്കുക.

പ്രവാചക പ്രഭുവായ മുഹമ്മദ് നബി (സ.അ) മുന്നോട്ടുവച്ച ഇസ്ലാമിക ജീവിത ശൈലിയെ പുനരുജ്ജീവിപ്പിക്കുക, വെളിപാട് ദർശനങ്ങളാൽ നയിക്കപ്പെടുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക, അല്ലാഹുവിന്റെ അനുശാസനകൾ ഭൂമിയിൽ നടപ്പിലാക്കുവാൻ പരിശ്രമിക്കുക, തെറ്റുതിരുത്തൽ പ്രക്രിയ, വിജ്ഞാനസമ്പാദനം, ശീക്ഷണസമ്പ്രദായം എന്നിവ ഉപയോഗപ്പെടുത്തുക.

പരമോന്നതനായ അല്ലാഹു പറയുന്നു.

وَيُعَلِّمُهُمُ ٱلْكِتَـٰبَ وَٱلْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ﴿١٢٩﴾

*"ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുക"* (2:129)

5. ഇസ്‌ലാമിന്റെ രാജപാതയിലേക്ക് ജനങ്ങളെ ക്ഷണിക്കുക.

അവന്റെ സൃഷ്ടികൾക്കായി അല്ലാഹു (സ) അവതരിപ്പിച്ച ഏറ്റവും പരിപൂർണ്ണമായ സന്ദേശമാകുന്നു ഇസ്ലാം. ഇസ്‌ലാമിന്റെ മാർഗ്ഗദീപത്തെപ്പറ്റി യഥാർത്ഥ ജ്ഞാനം ലഭിക്കാത്ത വ്യക്തികളെ സ്നേഹപുരസ്സരം ക്ഷണിക്കുക, ശാശ്വതമായ പാരത്രികസുഖവും, ജീവിത സംതൃപ്തിയും സമാധാനവും അവർ നേടുന്നതിനുവേി

ഇതാണ് എന്റെ ജോലിയും പ്രവർത്തിയും ഈ ഭാരിച്ച ഉത്തരവാദിത്തം നിറവേറ്റുന്ന കാര്യത്തിൽ ഞങ്ങളെ (ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം) സഹായിക്കാൻ എല്ലാ മുസ്‌ലിങ്ങളെയും ക്ഷണിച്ചുകൊള്ളുന്നു. ഈ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിലൂടെ ജനങ്ങളെ ഉണർത്താനും ഉയർത്താനും ഇസ്‌ലാമിന്റെ ശാശ്വതസന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനും നമുക്കുസാധിക്കും. ആത്മാർത്ഥ സാഹോദര്യത്തിലും സ്നേഹത്തിലും അല്ലാഹുവിന്റെ സഹായം ഉാകുമെന്ന പൂർണ്ണവിശ്വാസത്തിലും അവന്റെ പരിശുദ്ധ ദാസർക്ക് ദൗത്യം പൂർത്തിയാക്കാൻ വേ സാഹചര്യങ്ങൾ അവൻ സൃഷ്ടിക്കുമെന്നും കരുതി നമുക്കുമുന്നോട്ടു പോകാം,

وَلِلَّهِ ٱلْعِزَّةُ وَلِرَسُولِهِۦ وَلِلْمُؤْمِنِينَ

*"എന്നാൽ (സാക്ഷാൽ) ബഹുമതി അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമുള്ളതത്രെ"* (63:9)□

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ

**"അവന്റെ ദൂതനെ നേർമാർഗ്ഗത്തോടും സത്യമതത്തോടും കൂടി അയച്ചവനത്രെ അവൻ"** (61: 10)

**MUNIR AHMAD AZIM**
**HAZRAT AMEERUL MOMINEEN**
**MUHYIUDDIN**
**AL-KHALIFATHULLAH**

JAMAAT UL SAHIH AL ISLAM
27 Jamadul Aakhir 1430 A.H.

Translated and issued by **R. JAMALUDIN RAOTHER**, Amir, Jamaat Ul Sahih Al Islam, Kerala.
As per the instruction of the present era Mujaddid Hazrat **MUNIR AHMAD AZIM**